I ഇ.ബി. XV - കേരള നിയമസഭ/XI-19

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 11, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 3280-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### വിദ്യാർത്ഥി കുടിയേറ്റം

മി. സ്പീക്കർ: മികച്ച വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും തേടി കേരളത്തിൽ നിന്നും വിദേശത്തേയ്ക്കുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതായി നോർക്ക റൂട്ട്സ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വേയിലെ കണ്ടെത്തൽ ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ. പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2023-ൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കുടിയേറ്റം ഇന്ത്യയിലെ ആകെ കുടിയേറ്റത്തിന്റെ നാല് ശതമാനം മാത്രമായിരുന്നു. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി യാത്രാസൗകര്യങ്ങളിലുണ്ടായ വർദ്ധനവ്, കമ്മ്യൂണിക്കേഷൻ രംഗത്തുണ്ടായ മാറ്റം, വിദ്യാഭ്യാസ വായ്പകളുടെ വർദ്ധിച്ച ലഭ്യത മുതലായവ വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള

സാഹചര്യം ലഭ്യമാകുന്നതും ജനസംഖ്യ കുറഞ്ഞ രാജ്യങ്ങളിൽ തൊഴിൽശേഷിയുള്ള യുവാക്കളെ ആകർഷിക്കുന്നതിന് വിസാ നയങ്ങളിൽ വലിയതോതിൽ ഇളവ് വരുത്തുന്നതുമാണ് വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് കാരണമായിത്തീരുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശത്തേയ്ക്ക് പോകുന്ന ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലാണ്. വിദേശത്തുനിന്നുമുള്ള വിദ്യാർത്ഥികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ ഒരു ആഗോള ഹബ്ബാക്കി മാറ്റാൻ സാധിച്ചതിന്റെ ഫലമായി ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് വിവിധ സർവ്വകലാശാലകളിൽ ഈ വർഷം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് അധ:സ്ഥിത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: കേരളത്തിൽ നിന്നും മികച്ച വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും തേടി വിദേശത്ത് പോകുന്ന വിദ്യാർത്ഥികളുടെ

എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും തൊഴിൽലഭ്യത ഉറപ്പുവരുത്തുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മെട്രോപൊളിറ്റൻ നഗരങ്ങളുമായി താരമതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജോലി ചെയ്യുന്ന ചെറുപ്പക്കാർക്ക് ലഭിക്കുന്ന ശമ്പളം വളരെ കുറവാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് മത്സരപരീക്ഷകളിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഐ.ടി. ഔട്ട്സോഴ്സിംഗിലൂടെ ലഭിക്കുമായിരുന്ന തൊഴിലവസരം പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ നഷ്ടപ്പെടുത്തിയത് അപലപനീയമാണ്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തിലെ സ്റ്റാർട്ട്-അപ് മിഷന് ഗ്ലോബൽ റാങ്കിംഗിൽ അഞ്ചാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്ക്, ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ സയൻസ് സർവ്വകലാശാലകൾ എന്നിവ ആരംഭിച്ചത് കേരളത്തിലാണ്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കെ-ഡിസ്ക്, കേരള നോളഡ്ജ് ഇക്കോണമി മിഷനുമായി യോജിച്ച്

തൊഴിലുൽപ്പാദനപരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഒരു വിജ്ഞാന സമ്പദ്ഘടന കെട്ടിപ്പടുത്തുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക അടിത്തറ വിപുലീകരിക്കുന്നതിനും ജനജീവിത നിലവാരം ഉയർത്തുന്നതിനും സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ചന്ദ്രയാൻ ദൗത്യ ടീമിലെ കേരളത്തിൽനിന്നുള്ള ശാസ്ത്രജ്ഞരുടെ സാന്നിദ്ധ്യം അഭിമാനകരമാണ്. കേരളത്തിന്റെ ഇക്കോണമി ഊർജ്ജസ്വലമാക്കുന്നതിന് ആർജ്ജിച്ചിട്ടുള്ള വൈജ്ഞാനിക സമ്പത്ത് ഫലപ്രദമായി വിനിയോഗിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയും ഉറപ്പാക്കിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കോഴിക്കോട് മെഡിക്കൽ കോളേജിലെയും ജനറൽ ആശുപത്രിയിലെയും വികസന പ്രവർത്തനങ്ങൾ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും എം.ആർ.ഐ. സ്കാനർ, ഡയമീറ്റർ കുറഞ്ഞ ബ്രോങ്കോസ്കോപ്പി തുടങ്ങിയവ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കോഴിക്കോട് ബീച്ച് ആശുപത്രിക്ക് കിഫ്ബി അനുവദിച്ച 100 കോടി രൂപ വിനിയോഗിച്ച് മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ ആരംഭിക്കുന്നതിനും നഴ്സുമാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. പ്രസ്തുത ആശുപത്രികളിലെ വികസനപ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ആരോഗ്യ

വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതോദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള അന്തിമ തീരുമാനമെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഐ.പി/ഐസൊലേഷൻ ബ്ലോക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. ആരോഗ്യവകുപ്പിനുകീഴിൽ Biosafety Level-3 Lab 2024-ൽ പ്രവർത്തനമാരംഭിക്കുന്നതാണ്. Organ and Tissue Transplant Institute സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിയോനാറ്റോളജി വിഭാഗം ആരംഭിക്കുകയും ആവശ്യമായ ഡോക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി ഒമ്പത് അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ബീച്ച് ആശുപത്രിയിൽ ഡയമീറ്റർ കുറഞ്ഞ ബ്രോങ്കോസ്കോപ്പി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ മാസവും വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം ചേരുന്നുണ്ട്.

(2) പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണം

ശ്രീ. ടി. വി. ഇബ്രാഹിം: സർക്കാർ സർവ്വീസിൽ പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും ടി വിഭാഗത്തിൽപ്പെട്ട സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ e-CDESK പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്രമായ വികസനത്തിന് നടപടി സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് പിന്നാക്ക വിഭാഗങ്ങളുടെ സംവരണം ഉറപ്പാക്കുന്നതോടൊപ്പം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഉദ്യോഗങ്ങളിൽ 40% പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഓരോ വിഭാഗത്തിനും നീക്കിവച്ചിട്ടുള്ള സംവരണം അവർക്കുതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്തുന്നതിനായി e-CDESK പോർട്ടലിൽ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

പ്രസ്തുത പോർട്ടലിലെ വിവരങ്ങളും കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ശേഖരിച്ച സാമൂഹിക സാമ്പത്തിക സർവ്വേയുടെ വിശദാംശങ്ങളും ലഭ്യമായാൽ മാത്രമേ സർക്കാർ സർവ്വീസിലെ വിവിധ സാമുദായിക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്താൻ സാധിക്കുകയുള്ളൂ. സച്ചാർ കമ്മിറ്റി നിർദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി രൂപീകരിച്ച പാലൊളി കമ്മിറ്റി ശിപാർശപ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിവിധ മേഖലകളിൽ ജോലി ലഭ്യമാക്കുന്നതിനുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മുഴുവൻ പിന്നാക്ക വിഭാഗങ്ങൾക്കുമായി വിദ്യാഭ്യാസ/തൊഴിൽ വായ്പാ പദ്ധതികളും നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാർ നിർത്തലാക്കിയ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി 'മാർഗ്ഗദീപം' പദ്ധതിയിലൂടെ പുനരാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മതന്യൂനപക്ഷമുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളുടെയും

ഭരണഘടനാപരമായ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## IV സബ്മിഷൻ

(1) പ്ലാച്ചിമട ദുരിതബാധിതർക്ക് നഷ്ടപരിഹാരം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്ലാച്ചിമട കൊക്കൊകോള കമ്പനിക്കെതിരായി കേരള വാട്ടർ സപ്ലൈ ആൻഡ് സ്വിവറേജ് ആക്റ്റ് പ്രകാരം കേസെടുക്കാനും പട്ടികജാതി, പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ കമ്പനി ഉടമകളെ അറസ്റ്റുചെയ്യാനും ട്രൈബ്യൂണൽ സമ്പൂർണ്ണ നഷ്ടപരിഹാരം നൽകുന്നതുവരെ സർക്കാർ താൽക്കാലിക നഷ്ടപരിഹാരം നൽകാനും സർക്കാർ ഏറ്റെടുത്ത ഭൂമി നഷ്ടപരിഹാര പ്രശ്നം പരിഹരിക്കുന്നതുവരെ മറ്റാർക്കും കൈമാറില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(2) നഗരൂരിലെ അക്രമസംഭവം

ശ്രീ. വി. ജോയി: തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിലെ നഗരൂരിൽ യൂത്ത് കോൺഗ്രസ് നേതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന അക്രമപരമ്പര അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 08-07-2024-ന് വൈകുന്നേരം ആറ്റിങ്ങലിനടുത്ത് നഗരൂരിൽ കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ മർദ്ദിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. പരിക്കേറ്റവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും പ്രായപൂർത്തിയാകാത്ത രണ്ട് പ്രതികളെ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളിലൊരാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(3) പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശ നിർണ്ണയം

ശ്രീ. സണ്ണി ജോസഫ്: കൃഷിഭൂമിയെയും ജനവാസ മേഖലയെയും ഒഴിവാക്കിക്കൊണ്ട് പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശ നിർണ്ണയം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജനവാസ മേഖലകളെക്കൂടി ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനമാണ് നിലവിലുള്ളത്. ജനവാസ മേഖലകൾ, തോട്ടങ്ങൾ, ജലാശയങ്ങൾ, ഒറ്റപ്പെട്ട വനപ്രദേശങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി മാത്രമേ പരിസ്ഥിതി ലോലപ്രദേശങ്ങൾ വിജ്ഞാപനം ചെയ്യാവൂ എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്.

(4) ജയിലുകൾ കേന്ദ്രീകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ

ശ്രീ. എം. രാജഗോപാലൻ: സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(5) പട്ടം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. വി. കെ. പ്രശാന്ത്: തിരുവനന്തപുരം പട്ടം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(6) മാങ്ങോട് മോഡേൺ റൈസ് മിൽ

ശ്രീ. പി. പി. സുമോദ്: പാലക്കാട് ജില്ലയിലെ നെല്ലിന്റെ സംഭരണ/ സംസ്കരണ/വിതരണ പ്രശ്നങ്ങൾ പരിഹരിക്കാനായി PAPCOS സംഘത്തിനുകീഴിൽ മാങ്ങോട് മോഡേൺ റൈസ് മിൽ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തു വച്ചു.)

(7) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് നിയോജകമണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കരാറുകാരന്റെ മരണത്തെ തുടർന്ന് നിർത്തിവച്ച വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(8) കുണ്ടുവംപാടം-വടശ്ശേരി റോഡ് നവീകരണം

ശ്രീമതി ശാന്തകുമാരി കെ.: ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റെസ്റ്റോറേഷൻ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് കോങ്ങാട്

നിയോജകമണ്ഡലത്തിലെ കുണ്ടുവംപാടം-വടശ്ശേരി റോഡ് നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ലഭ്യമാകുന്നതിനനുസരിച്ച് കുണ്ടുവംപാടം-വടശ്ശേരി റോഡ് റെസ്റ്റോറേഷന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) തൊളിക്കോട് കേന്ദ്രീകരിച്ച് കെ.ഡബ്ല്യൂ.എ. സബ്ഡിവിഷൻ

ശ്രീ. ജി. സ്റ്റീഫൻ: തൊളിക്കോട് കേന്ദ്രീകരിച്ച് കെ.ഡബ്ല്യൂ.എ. സബ്ഡിവിഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷൻ പദ്ധതിയുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സബ്ഡിവിഷൻ രൂപീകരണമുൾപ്പെടെയുള്ള ക്രമീകരണം ആവശ്യമാണെന്ന പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കിൾ ഓഫീസുകളും ഡിവിഷൻ ഓഫീസുകളും പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

## (10) മംഗലം ഇറിഗേഷൻ പ്രോജക്ട്- കൂലി ക്വാർട്ടേഴ്സിലെ താമസക്കാർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: മംഗലം ഡാം ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കൂലി ക്വാർട്ടേഴ്സിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മംഗലം ഡാം ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കൂലി ക്വാർട്ടേഴ്സിലെ താമസക്കാരുടെ കൈവശമുള്ള സ്ഥലം പട്ടയം ഡാഷ് ബോർഡിൽ ചേർത്ത് പട്ടയം മിഷനിൽ ഉൾപ്പെടുത്തുകയും ഇതുസംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്.

## (11) മാട്ടൂൽ-മാടായി പ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണം

ശ്രീ. എം. വിജിൻ: കടലാക്രമണം രൂക്ഷമായ മാട്ടൂൽ-മാടായി പ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മാട്ടൂൽ-മാടായി പ്രദേശത്തെ കടൽഭിത്തി നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ

പുരോഗതി വിലയിരുത്തുന്നതിന് എം.എൽ.എ.-യെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) ഒറ്റപ്പാലം കോടതി സമുച്ചയം

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം കോടതി സമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഒറ്റപ്പാലം കോടതി സമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും തുടർ നടപടി സ്വീകരിക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറുകയും പ്രസ്തുത വിവരം ആഭ്യന്തര വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ തടസ്സങ്ങളൊന്നുമുണ്ടാകില്ല.

(13) തൂതപ്പുഴയിൽ തടയണ നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: തൂതപ്പുഴയിൽ തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉൗതപ്പുഴയിൽ തടയണ നിർമ്മിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(14) എ.സി. കനാൽ തുറക്കുന്നതിന് നടപടി

ശ്രീ. ജോബ് മൈക്കിൾ: എ.സി. കനാലിന്റെ ഒന്നാംഘട്ടത്തിലുൾപ്പെട്ട ഒന്നാംകര-നെടുമുടി വരെയുള്ള ഭാഗം തുറക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എ.സി. കനാലിന്റെ മനക്കത്തെറ മുതൽ ഒന്നാംകര വരെയുള്ള ഭാഗം കുട്ടനാട് പാക്കേജിന്റെ ഒന്നാംഘട്ടത്തിലുൾപ്പെടുത്തി പണി പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(15) മീളൂർ സബ്സ്റ്റേഷന് അനുമതി

ശ്രീ. ഡി. കെ. മുരളി: വാമനപുരം മീളൂർ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വാമനപുരം മീളൂരിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പാട്ടവ്യവസ്ഥ പ്രകാരം ലഭ്യമാക്കിയ ഭൂമിയുടെ കാലാവധി നീട്ടിനൽകണമെന്ന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആർ.ഡി.എസ്.എസ്. പദ്ധതിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(16) നാദാപുരം, തൂണേരി, എടച്ചേരി പഞ്ചായത്തുകളിലെ വൈദ്യുതിക്ഷാമം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ദ്യുതി 2 പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്ന നാദാപുരം-കല്ലാച്ചി ടൗണിലെ ഫീഡർ നിർമ്മാണ പ്രവൃത്തികളും ട്രാൻസ്ഫോമറുകളുടെ ശേഷികൂട്ടുന്ന പ്രവൃത്തികളും ലോഡ് വർദ്ധനവ് ഉൾക്കൊള്ളുന്നതിന് പര്യാപ്തമായതിനാൽ പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. നിലവിൽ ആസൂത്രണംചെയ്ത പദ്ധതികൾ പര്യാപ്തമല്ലാതെ വരുന്ന സാഹചര്യമുണ്ടായാൽ ദ്യുതി 2 പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തികൾ നടത്താവുന്നതാണ്.

(17) <u>കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ന്റെ നവീകരണം</u>

<u>ശ്രീ. എ. രാജ</u>: കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): ദേശീയപാത അതോറിറ്റി വിപുലീകരണപ്രവൃത്തികൾ നടത്തിവരുന്ന കൊച്ചി-ധനുഷ്കോടി റോഡിന്റെ 15 കി.മി. ദൂരം വനാതിർത്തിയിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത സ്ഥലത്തെ വിപുലീകരണത്തിന് ദേശീയപാത അതോറിറ്റി കേന്ദ്ര സർക്കാരിൽനിന്നും അനുവാദം വാങ്ങിയിട്ടില്ല. പൊതുമരാമത്ത് / വനം/ റവന്യൂ വിഭാഗങ്ങൾ ടി പ്രദേശത്തിന്മേൽ ഉന്നയിച്ചിട്ടുള്ള അവകാശവാദം സംബന്ധിച്ച് ധാരണയിലെത്തുകയും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അപേക്ഷ നൽകുകയും ചെയ്താൽ പ്രവൃത്തിക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതാണ്.

(18) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം

ശ്രീ. കുറുക്കോളി മൊയ്തീൻ: മൂന്ന് സെന്റിൽ കുറഞ്ഞ ഭൂമിയിൽ വീട് വയ്ക്കുന്നവർക്ക് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ വ്യവസ്ഥകളിലും വീട് നിർമ്മാണത്തിന് നൽകേണ്ടിവരുന്ന വിവിധ ഫീസിനങ്ങളിലും കെട്ടിട നിർമ്മാണ സെസ്സിലും ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കെട്ടിട നിർമ്മാണ സെസ് മിനിമം ഒരു ശതമാനമെങ്കിലും ഈടാക്കണമെന്ന കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മിനിമം സെസ് ഈടാക്കുന്നത്. പ്രസ്തുത നിയമത്തിൽ മാറ്റം വരുത്തേണ്ടത് പാർലമെന്റാണ്.

(19) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർക്ക് മരുന്നുകൾ ലഭ്യമാക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർക്കും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കുമുള്ള ബ്രാൻഡഡ് മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഗുരുതര രോഗത്തിന് ചികിത്സ തേടുന്നവർക്കും പാലിയേറ്റീവ് രോഗികൾക്കും ആവശ്യമായ ബ്രാൻഡഡ് മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ വാങ്ങി നൽകുന്ന കാര്യം ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(20) രാമേശ്വരത്തെ ഫ്ലാറ്റ് നിർമ്മാണത്തിലെ അപാകത

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം നിയോജകമണ്ഡലത്തിലെ പി ആൻഡ് ടി കോളനി നിവാസികളെ പുനരധിവസിപ്പിച്ച രാമേശ്വരം വില്ലേജിലെ ജി.സി.ഡി.എ. കെട്ടിട നിർമ്മാണത്തിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): എറണാകുളം നിയോജകമണ്ഡലത്തിലെ പി ആൻഡ് ടി കോളനി നിവാസികളെ പുനരധിവസിപ്പിച്ച രാമേശ്വരം വില്ലേജിലെ ജി.സി.ഡി.എ. കെട്ടിട നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ അടിയന്തര പ്രാധാന്യത്തോടെ

സ്വീകരിച്ചുവരുന്നു. യൂണിറ്റുകളിലുള്ള അറ്റകുറ്റപ്പണികൾ 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(21) പെരിങ്ങരയിലെ ജനസേവ റോഡിന്റെയും നിരണത്തെ ഇരതോട്-ആശാൻകുടി റോഡിന്റെയും പ്രവൃത്തി പൂർത്തീകരിക്കൽ

ശ്രീ. മാത്യു ടി. തോമസ്: പെരിങ്ങര പഞ്ചായത്തിലെ ജനസേവ റോഡിന്റെയും നിരണം പഞ്ചായത്തിലെ ഇരതോട്-ആശാൻകുടി റോഡിന്റെയും കടപ്ര പഞ്ചായത്തിലെ പുളിക്കീഴ് റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പെരിങ്ങര പഞ്ചായത്തിലെ ജനസേവ റോഡ് 2024 ആഗസ്റ്റ് 31-നുള്ളിൽ പൂർത്തീകരിക്കുമെന്ന് കരാറുകാരൻ രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട്.

(22) അടയ്ക്ക കർഷകർ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: അടയ്ക്ക ഇറക്കുമതിയും കവുങ്ങിനുണ്ടാകുന്ന രോഗബാധയും നിയന്ത്രിച്ച് അടയ്ക്ക കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിനോട് അടയ്ക്ക ഇറക്കുമതിയിൽ കടുത്ത നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കവുങ്ങിനുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക കർഷകർക്ക് ഇൻഷ്വറൻസുൾപ്പെടെ സാധ്യമാകുന്ന സഹായങ്ങളെല്ലാം ചെയ്യാൻ സർക്കാർ സന്നദ്ധമാണ്.

(23) ഏലം കർഷകർ നേരിടുന്ന ദുരിതങ്ങൾ

ശ്രീ. വാഴൂർ സോമൻ: സ്പൈസസ് ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും പുന:കൃഷി ചെയ്യുന്ന കർഷകർക്ക് ഏലം തൈകൾ സൗജന്യമായി നൽകാനും കാർഡമം രജിസ്ട്രേഷൻ പുതുക്കാനുള്ള തീയതി ദീർഘിപ്പിച്ചുനൽകാനും ചെറുകിട നാമമാത്ര ഏലം കർഷകർക്ക് വളം, നടീൽവസ്തുക്കൾ, കൃഷിക്കുള്ള സബ്സിഡി എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ബോർഡുകളെ അപ്രസക്തമാക്കുന്ന കേന്ദ്ര ഗവൺമെന്റ് നയങ്ങളാണ് സ്പൈസസ് ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നത്. ഈ വിഷയം

കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ചെറുകിട ഏലം കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (24) മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കെട്ടിടത്തിലെ കടമുറികളുടെ ലേലം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിച്ച് കടമുറികൾ ലേലം ചെയ്തുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): എഗ്രിമെന്റ് പ്രകാരം കരാർ ഏറ്റെടുത്ത ആലിഫ് ബിൽഡേഴ്സാണ് കെട്ടിടത്തിന്റെ തകരാർ പരിഹരിക്കേണ്ടത്. ചീഫ് ടെക്നിക്കൽ എക്സാമിനർ കെട്ടിടത്തിന്റെ തകരാർ പരിശോധിക്കുകയും ഗവൺമെന്റ് അംഗീകരിക്കുന്ന ടെക്നിക്കൽ സ്ട്രക്ചറൽ എഞ്ചിനീയറിംഗ് കൺസൽട്ടൻസി കെട്ടിടം പരിശോധിച്ച് ആലിഫ് ബിൽഡേഴ്സ് തന്നെ തകരാർ പരിഹരിക്കുകയും ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (25) പത്തനംതിട്ടയിലെ വിവിധ ഭാഗങ്ങളിൽനിന്നും കോന്നി മെഡിക്കൽ കോളേജിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

ശ്രീ. കെ. യു. ജനീഷ് കുമാർ: പത്തനംതിട്ടയിലെ വിവിധ ഭാഗങ്ങളിൽനിന്നും കോന്നി മെഡിക്കൽ കോളേജിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കോന്നി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചപ്പോൾ കെ.എസ്.ആർ.ടി.സി. അവിടേയ്ക്ക് സർവ്വീസ് ആരംഭിച്ചെങ്കിലും ധാരാളം പ്രൈവറ്റ് ബസുകൾ സർവ്വീസ് നടത്തുന്നതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടമുണ്ടായി. പ്രൈവറ്റ് ബസുകളെ നിയന്ത്രിക്കുന്നതിനായി എം.എൽ.എ.-മാർ അവരവരുടെ മണ്ഡലത്തിലെ റൂട്ട് ഫോർമുലേറ്റ് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. റൂട്ട് ഫോർമുലേറ്റ് ചെയ്താൽ പ്രൈവറ്റ് ബസിനും കെ.എസ്.ആർ.ടി.സി.ക്കും മത്സര ഓട്ടമില്ലാതെ സർവ്വീസ് നടത്താൻ സാധിക്കുന്നതാണ്.

(26) പൂന്തുറ പ്രദേശത്ത് ജിയോ ട്യൂബ് സ്ഥാപിക്കൽ

ശ്രീ. ആന്റണി രാജു: പൂന്തുറ തീരത്തെ കടലേറ്റത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി ജിയോ ട്യൂബ് സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(27) അഴീക്കോട് ഫിഷ് ലാന്റിംഗ് സെന്റർ പുനർനിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: അഴീക്കോട് തീരദേശ മേഖലയിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(28) വള്ളിക്കുന്നിൽ ആർട്സ് ആൻഡ് സയൻസ് കോളേജ്

ശ്രീ. പി. അബ്ദുൽ ഹമീദ്: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതുതലമുറ കോഴ്സുകളോടുകൂടിയ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഈ വിഷയം പരിഗണിക്കുന്നതാണ്.

(29) കോളേജ് ക്യാമ്പസുകളിലെ രാഷ്ട്രീയ സംഘർഷങ്ങൾ

ശ്രീ. കെ. എം. സച്ചിൻദേവ്: കോളേജ് ക്യാമ്പസുകളിലെ രാഷ്ട്രീയ സംഘർഷങ്ങളുടെ പേരിൽ ഒരു വിദ്യാർത്ഥി സംഘടനയെ മാത്രം കുറ്റപ്പെടുത്തുന്ന സമീപനം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സംസ്ഥാനത്തെ ചില കോളേജ് ക്യാമ്പസുകളിൽ നടന്ന സംഘർഷങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പസുകളിലെ സംഘർഷങ്ങൾക്ക് ഒരു വിദ്യാർത്ഥി സംഘടനയെ മാത്രം കുറ്റപ്പെടുത്തുന്ന രീതിയോട് സർക്കാരിന് യോജിപ്പില്ല.

(30) പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. ക്ലാസുകൾ ആരംഭിക്കൽ

ശ്രീ. പി. ടി. എ. റഹീം: പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. ക്ലാസുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(31) <u>അഞ്ച് മുതൽ പത്ത് വരെ ക്ലാസുകളുള്ള സ്കൂളുകളിൽ കായികാധ്യാപകന്റെ സേവനം</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: അഞ്ച് മുതൽ പത്ത് വരെ ക്ലാസുകൾ നിലവിലുള്ള സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കായികാധ്യാപകരുടെ സേവനം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): ദിവസ വേതനാടിസ്ഥാനത്തിൽ കായികാധ്യാപകരുടെ സേവനം ലഭ്യമാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(32) <u>ഐ.ടി.ഐ.-കളിൽ പുതുതലമുറ കോഴ്സുകൾ</u>

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും മണർകാട് സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ.-യ്ക്ക് പുതിയ കോഴ്സുകൾ തുടങ്ങാനാവശ്യമായ എൻ.ഒ.സി. ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(33) പരിമണം ഗവൺമെന്റ് എൽ. പി. സ്കൂളിൽ ഒന്ന്, രണ്ട് ക്ലാസുകൾ അനുവദിക്കൽ

ഡോ. സുജിത് വിജയൻപിള്ള: തീരദേശ മേഖലയിലെ പരിമണം ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഒന്ന്, രണ്ട് ക്ലാസുകൾ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രസ്തുത വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(34) പൊന്നാനിയിലെ ടൂറിസം സാധ്യതകൾ

ശ്രീ. പി. നന്ദകുമാർ: പൊന്നാനി നിയോജകമണ്ഡലത്തിലെ സാധ്യതകൾ ഉപയോഗപ്പെടുത്തി ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(35) <u>തൃപ്രയാർ പാലം നിർമ്മാണം</u>

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സി.ആർ.ഇസഡ്. അനുമതി ലഭ്യമാക്കി തൃപ്രയാർ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(36) <u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ്</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(37) <u>പട്ടാമ്പിയിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിവിധ റെയിൽവേ മേൽപ്പാലങ്ങളുടെയും റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെയും നിർമ്മാണം ആരംഭിക്കുകയും നിർമ്മാണം നടക്കുന്ന വാടനാംകുറിശ്ശി

റെയിൽവേ മേൽപ്പാലത്തിന് സമീപമുള്ള റോഡ് യാത്രായോഗ്യമാക്കുകയും വേണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(38) ചമ്പക്കര പഴയപാലം പൊളിച്ചുമാറ്റൽ

ശ്രീമതി ഉമാ തോമസ്: അപകടാവസ്ഥയിലായ ചമ്പക്കര പഴയപാലം പൊളിച്ചുമാറ്റാനാവശ്യമായ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(39) മൊറയൂർ-വാലഞ്ചേരി-എൻ.എച്ച്. കോളനി റോഡ് നവീകരണം

ശ്രീ. പി. ഉബൈദുള്ള: മൊറയൂർ-വാലഞ്ചേരി-എൻ.എച്ച്. കോളനി റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിച്ച് സഞ്ചാരയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(40) പട്ടണക്കാട് മിൽമയുടെ പ്രവർത്തനം

ശ്രീമതി ദെലീമ: അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയുടെ ശോച്യാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(41) കേരള ഫീഡ്സ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളി കാലിത്തീറ്റ ഫാക്ടറി തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും മിനിമം വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കരുനാഗപ്പള്ളി കേരളാ ഫീഡ്സിലെ തൊഴിലാളി നേതാക്കളുടെ യോഗം വിളിക്കുന്നതാണ്.

(42) കുണ്ടറയിലെ ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: കുണ്ടറ താലൂക്ക് ആശുപത്രിയിലും നെടുമ്പന ഗവൺമെന്റ് ആശുപത്രിയിലും ആവശ്യമായ സ്റ്റാഫ് സ്റ്റെങ്ങ്ത് അനുവദിക്കുന്നതിനും നെടുമ്പന ഗവൺമെന്റ് ആശുപത്രിയിലെ ആംബുലൻസ് സർവ്വീസുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്ത് വച്ചു)

(43) ആരോഗ്യ ഇൻഷ്വറൻസ്

ശ്രീ. ലിന്റോ ജോസഫ്: സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (കാസ്പ്) പുതിയ കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ദേശീയ ഹെൽത്ത് അതോറിറ്റിയുടെ അനുമതിയും ആനുപാതികമായ കേന്ദ്ര വിഹിതവും ആവശ്യമാണ്. അക്കാര്യത്തിനായി സർക്കാർ ശ്രമിച്ചുവരികയാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47 (2)], ലിസ്റ്റ് 3 [ചട്ടം 236 (6)] പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

## VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി X-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-24 സാമ്പത്തിക വർഷത്തെ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.

(2) മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ.

(3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

(4) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്ത് പുതിയ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2023 ഡിസംബർ 11-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 309/2023/ആർ.ഡി (എസ്.ആർ.ഒ. നമ്പർ 1381/2023) മുഖേന പുറപ്പെടുവിച്ചിട്ടുള്ള ദി കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ്, 2023-ന്റെ ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണന.

ഡോ. എൻ. ജയരാജ്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1) In Rule 1(1)

For the words and symbol “Kerala Government Land Allotment and Assignment for Industrial Purposes Rules, 2023" the words, brackets and symbol “Kerala Government Land (Allotment and Assignment for Industrial Purposes) Rules, 2023 shall be substituted.

2) In Rule 2(i)

After the digits 1963, the brackets, digits and words, "(1 of 1964)" shall be inserted.

3) In Rule 2(r)

(i) After the digits 2006, the brackets, words and digits, "(Central Act 27 of 2006)" Shall be inserted.

(ii) For the word and symbol, "labs," the words "labs and" shall be substituted.

4) After the rule 2(x) the following new Sub-Rule shall be inserted namely:-

"y. "Alloting Authority" means the General Manager or the Director who holds the authority for allotting Government land for industrial purposes.

5) In Rule 3.2

After the digits 1960, the brackets, digits and word "(30 of 1960)” shall be inserted.

6) In Rule 8

For the words, "shall issue" the words "shall furnish" shall be substituted.

7) In Rule 9

(i) After the words and symbol "appllatte authority.", the words and symbol "If the allottee fails to commence the commercial production within two years the land will be resumed after giving the opportunity of being heard." shall be deleted.

(ii) For the words, symbols, number and letters, "Form No.II(B)" the word, number and letter "Form II B" shall be substituted.

(iii) For the words, symbols, number and letters, "Form No.II(C)" the word, number and letter "Form II C" shall be substituted.

(iv) After the words "every quarter", the words "to the Director" shall be inserted.

8) In Rule 13

After the word "acquisition", the words "of land by Government" shall be inserted.

9) In Rule 18.3.a)

For the words and digits "rule 12 and 13", the words, digits and symbol "rules 12, 13 and 14" shall be substituted.

10) In Rule 19

After the word and symbol "transferee." the following words, digits and symbols shall be inserted.

"For lands above 4.04 Hecters, the General Manager shall get the concurrence of the Director for forwarding such proceedings and recommendation."

11) In Rule 21(1)

After the words "District Industries Centre", the following symbols and words shall be inserted.

“. If the land is not assigned, such permission shall be given".

12) In Rule 21(2)

(i) Before the word "unit", the word "the" shall be inserted.

(ii) Before the word "paid", the word "be" shall be inserted.

13) In Rule 23

After the digits "1968", the bracket, digit and word, "(15 of 1968)” shall be inserted wherever it occurs.

14) In Rule 23(i)

(i) For the words "Act of", the word and symbol "Act," shall be substituted.

(ii) After Rule 23(i) before the words "After the appointed date", the brackets, digit and letter "(i)(a)" shall be inserted.

15) In Rule 23(ii)

For the word "within", the word "after" shall be substituted.

16) In Rule 23(iii)

After Rule 23(iii) before the words "After the appointed date", the brackets digit and letter "(iii)(a)" shall be inserted.

17) In Rule 23(iv)

For the words "the Land Allotment" the word "these" shall be substituted.

18) In Rule 24

(i) Before the words "The General Manager shall have", the bracket and number "(1)" shall be inserted.

(ii) For the digits "24", the digits "23" shall be substituted.

(iii) Before the words "The allottee", the bracket and digit "(2)" shall be inserted.

19) In Rule 28

After the digits "1968", the bracket, digits and word, "(15 of 1968)” shall be inserted wherever it occurs.

20) In Rule 34

(i) After the digits "1968", the bracket, digits and word, "(15 of 1968)" shall be inserted wherever it occurs.

21) In Rule 34.4

For the words "Act of", the word and symbol "Act," shall be substituted.

22) In Rule 36

After sub Rule3, before the words "The allotting authority", the digit and symbol "4." shall be inserted and the rest shall be renumbered.

23) In Form VIA

After serial number 16, for the words "General Manger District Industries Centre", the words "District Collector" shall be substituted.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ക്രമനമ്പർ 1 മുതൽ 3 വരെയും 5 മുതൽ 9 വരെയും 12 മുതൽ 14 വരെയും 16 മുതൽ 23 വരെയുമുള്ള ഭേദഗതികൾ സ്വീകരിക്കുന്നു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മാത്യു ടി. തോമസ്: ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭേദഗതികൾ അംഗീകരിക്കുന്നതിനനുസരിച്ച് എസ്.ആർ.ഒ.-കളിൽ മാറ്റം വരുത്തുമ്പോൾ അംഗത്തിന്റെ പേരുകൂടി നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അക്കാര്യത്തിൽ സാങ്കേതിക പ്രശ്നമുണ്ടാകുമോയെന്ന് പരിശോധിച്ച ശേഷമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## IX നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(ii) 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(iii) 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(iv) 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

(v) 2024-ലെ കേരള ധനവിനിയോഗ (7-ാംനമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ

(5-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. കെ. ടി. ജലീൽ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാന ചരിത്രത്തിലാദ്യമായി ഗവൺമെന്റ് സർവ്വീസിലുള്ളവരുടെ ജാതി-സാമുദായിക പ്രാതിനിധ്യം പുറത്തുവിട്ടതിലൂടെ നിരവധി തെറ്റിദ്ധാരണകൾ അകറ്റാൻ സാധിച്ചിട്ടുണ്ട്. വിവിധ ഉദ്യോഗമേഖലകളിൽ ന്യൂനപക്ഷ-പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. നികുതി പിരിച്ചെടുക്കുന്നതിലും വികസനപ്രവർത്തനങ്ങൾ നടത്തുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ തനതുവിഭവങ്ങളിൽനിന്ന് പരമാവധി വരുമാനം കണ്ടെത്താനും നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഓഡിറ്റ് എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ് വിഭാഗങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനും സാധിക്കണം. കോവിഡ് കാലത്ത് റേഷൻ വ്യാപാരികൾ വിതരണം ചെയ്ത കിറ്റുകളുടെ

കമ്മീഷൻ അനുവദിക്കണം. മത്സ്യത്തൊഴിലാളി മേഖലയിൽ മണ്ണെണ്ണ സബ്സിഡിയും അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകളും അടിയന്തരമായി വിതരണം ചെയ്യണം. വാട്ടർ അതോറിറ്റി പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടു പോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്ററും റവന്യൂ ടവറും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കടലാക്രമണഭീഷണി നേരിടുന്ന പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് ടെട്രാപോഡ് സംവിധാനമേർപ്പെടുത്തണം. ഉപ്പുംതുരുത്തി, ആറാട്ടുവഴി പാലങ്ങൾ യാഥാർത്ഥ്യമാക്കണം. തിരിച്ചുവരുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. അടിസ്ഥാന ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകുന്ന സർക്കാരാണിത്. സാമ്പത്തിക ഉപരോധത്തിനിടയിലും സംസ്ഥാനത്തിന്റെ

ആഭ്യന്തര/തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നയമാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നത്. ഫിസ്കൽ ഫെഡറലിസത്തെ സംരക്ഷിക്കാനുള്ള യോജിച്ച പോരാട്ടത്തിന് പ്രതിപക്ഷ എം.പി.മാർ തയ്യാറാകണം. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇടപെടലുകളുണ്ടാകണം.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിലും വായ്പാ അനുപാതത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക യഥാസമയം നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. കുടിവെള്ള വിതരണ പദ്ധതി സമയബന്ധിതമായി നടപ്പാക്കണം. നിലവിലെ ചുമട്ടുതൊഴിലാളി നിയമത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തണം. ടോഡി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. ജെ. വിനോദ്</u>: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. വിഴിഞ്ഞം തുറമുഖത്ത് സാൻ ഫെർണാണ്ടോ ചരക്കുകപ്പൽ എത്തിച്ചേരുന്നത് അഭിമാനകരമാണ്. വികസന പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് മുൻഗണന നൽകണം. സാമൂഹ്യക്ഷേമ പെൻഷൻ സമയബന്ധിതമായി നൽകുന്നതിനും സപ്ലൈകോയിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും നിർത്തിവച്ചിരിക്കുന്ന കാരുണ്യ ബെനവലന്റ് സ്കീം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കുടിശ്ശിക പെൻഷൻ, കരാറുകാരുടെ കുടിശ്ശിക, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ നൽകാനുള്ള നടപടി സ്വീകരിക്കണം. ലൈഫ് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും ഡി.എ. കുടിശ്ശികയും നൽകുന്നതിന് തീരുമാനമുണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും സംഭരിച്ച നെല്ലിനുള്ള തുകയും സമയബന്ധിതമായി നൽകണം. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്നും ക്ഷേമ പെൻഷൻ 2500 രൂപയാക്കുമെന്നുമുള്ള പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല. കൊച്ചി നഗരത്തിലെ കനാൽ നവീകരണ പദ്ധതി നടപ്പാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചർച്ചയിൽ ഉയർന്നുവന്ന പൊതുവായ കാര്യങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നു. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടായി നിലകൊള്ളണം. 15 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുത്തുകൊണ്ടാണ് സംസ്ഥാനത്ത് പുതിയ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും അനുവദിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ കുടിശ്ശികയായ ആനുകൂല്യങ്ങളുൾപ്പെടെ സമയബന്ധിതമായി അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിലൂടെ സാധാരണക്കാരുടെ പ്രശ്നങ്ങൾ സർക്കാർ കാണുന്നതെങ്ങനെയെന്ന് വ്യക്തമാകുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സാധാരണക്കാരുടെ കാര്യത്തിൽ മുൻഗണന നൽകാനും വികസന കാര്യങ്ങളിൽ ഗുണപരമായ മാറ്റമുണ്ടാക്കാനും പരമാവധി ശ്രമിക്കുന്നുണ്ട്. സർക്കാരിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കി ആദ്യ ചരക്ക് കപ്പലായ സാൻ ഫെർണാണ്ടോ എത്തിച്ചേരുന്നത് സന്തോഷകരമാണ്. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി മലയോര-തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കുന്നതാണ്. താമരശ്ശേരി

ചുരത്തിനടുത്തായി പുതിയ ടണൽ റോഡ് നിർമ്മിച്ച് ബാംഗ്ലൂരിലേയ്ക്കുള്ള യാത്ര സുഗമമാക്കുന്നതാണ്. ആധുനിക റെയിൽവെ സൗകര്യങ്ങൾ, റിംഗ് റോഡ് തുടങ്ങിയവ നടപ്പാക്കാനുള്ള ശ്രമം നടത്തുന്നതാണ്. ലൈഫ് പദ്ധതിയുടെ പ്രവർത്തനവുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്. വീടില്ലാത്ത എല്ലാവർക്കും ലൈഫ് പദ്ധതി മുഖേന വീടുകൾ ലഭ്യമാക്കാനും നിർമ്മാണത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശികയുമായി ബന്ധപ്പെട്ടും സിവിൽ സപ്ലൈസ് മേഖലയുമായി ബന്ധപ്പെട്ടുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് കക്ഷി-രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2024-ലെ കേരള ധനവിനിയോഗ(3-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) <u>2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ</u>

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iv) 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(v) 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X ക്രമപ്രശ്നം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരമുള്ള ഫസ്റ്റ് സ്റ്റാറ്റ്യൂട്ടും റൂൾസും പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

ശ്രീ. എൻ. ഷംസുദ്ദീൻ: സംസ്ഥാനത്തെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനങ്ങളും പ്രൈവറ്റ് രജിസ്ട്രേഷനുകളും ഒരു യൂണിവേഴ്സിറ്റിക്ക് കീഴിൽ കൊണ്ടുവരാൻവേണ്ടി പാസ്സാക്കിയ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നിയമം നിലവിൽ വന്ന് മൂന്നുവർഷം കഴിഞ്ഞിട്ടും നാളിതുവരെ യൂണിവേഴ്സിറ്റി സംബന്ധിച്ച ആദ്യ സ്റ്റാറ്റ്യൂട്ടും ചട്ടവും രൂപീകരിച്ച് നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166(എ)

പ്രകാരം എല്ലാ റെഗുലേഷനും ചട്ടങ്ങളും ഉപചട്ടങ്ങളും എത്രയും പെട്ടെന്ന് സഭ മുമ്പാകെ വയ്ക്കേണ്ടതാണ്. എന്നാൽ ഇവിടെ പ്രസ്തുത ചട്ടം ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഈ നിയമത്തിനുവേണ്ട സ്റ്റാറ്റ്യൂട്ടുകൾ രൂപീകരിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തിയിരുന്നു. റൂൾസും സ്റ്റാറ്റ്യൂട്ടുകളും ഉൾക്കൊള്ളുന്ന നോട്ടിഫിക്കേഷൻ യഥാസമയം ഗവൺമെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തത് സഭയുടെ അവകാശത്തിന്മേലുള്ള കൈകടത്തലും അവകാശ ലംഘനവുമാണ്. നിയമത്തിന്റെ 72-ാം വകുപ്പിൽ ഈ നിയമം പാസ്സാക്കുന്നതോടുകൂടി ഇനി കേരളത്തിലെ സർവ്വകലാശാലകളിൽ പ്രൈവറ്റ്/ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമവും അതുവഴിയുണ്ടായ യൂണിവേഴ്സിറ്റിയും പൂർണ്ണ അർത്ഥത്തിലായിട്ടില്ല. പല പ്രൈവറ്റ് രജിസ്ട്രേഷനുകളും നിർത്തലാക്കി. സംസ്ഥാനത്തെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ/പ്രൈവറ്റ് രജിസ്ട്രേഷൻ രംഗം പ്രതിസന്ധിയിലാണ്. അതുകൊണ്ട് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പൂർണ്ണ അർത്ഥത്തിലുള്ള ഒരു യൂണിവേഴ്സിറ്റിയാക്കുന്നതിനുവേണ്ടി അതിന്റെ സ്റ്റാറ്റ്യൂട്ടും റൂൾസും അടിയന്തരമായി നിയമസഭയിൽ സമർപ്പിക്കാനും അത്

പ്രാവർത്തികമാക്കാനുമുള്ള നടപടികളുണ്ടാകണം. ഈ വിഷയത്തിൽ റൂളിംഗ് നൽകണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആക്ടിന്റെ അനുബന്ധമായി രൂപീകരിക്കേണ്ട ആദ്യ സ്റ്റാറ്റ്യൂട്ടിന്റെ ഇംഗ്ലീഷ് ഭാഷയിലുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ടിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധയ്ക്കായി ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 14-ാം കേരള നിയമസഭയിൽ പാസ്സാക്കിയ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കേണ്ട ആദ്യ സ്റ്റാറ്റ്യൂട്ട് നാളിതുവരെ പുറപ്പെടുവിക്കാത്തതുസംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. നിയമസഭ പാസ്സാക്കിയ നിയമം അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം സർക്കാർ പുറപ്പെടുവിക്കുന്നില്ലെന്ന വിഷയം നിരവധി തവണ സഭാതലത്തിൽ ഉയർന്നുവന്നിട്ടുള്ളതും ഇതുസംബന്ധിച്ച് നിരവധി റൂളിംഗുകൾ

മുൻകാലങ്ങളിൽ നൽകിയിട്ടുള്ളതുമാണ്. അതിനുപുറമെ നിയമസഭാ നടപടിചട്ടങ്ങളിൽ കാലപരിധി നിശ്ചയിച്ചുകൊണ്ട് ഇക്കാര്യത്തിൽ പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയുമുണ്ടായി. അതിൻപ്രകാരം ചട്ടം 238-ൽ കൂട്ടിച്ചേർത്ത രണ്ടാം ഉപചട്ടമനുസരിച്ച് ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരമുള്ള ചട്ടങ്ങൾക്ക് രൂപംകൊടുക്കേണ്ടതും ആയതിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമുണ്ട്. എന്നാൽ ഇത്തരം ചട്ടവ്യവസ്ഥകളും ചെയറിന്റെ റൂളിംഗുകളും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ പരിഗണിക്കുന്നില്ലെന്നുമാത്രമല്ല, ഓരോരോ കാരണങ്ങൾ പറഞ്ഞ് ചട്ടനിർമ്മാണം നീട്ടിക്കൊണ്ടുപോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇക്കാര്യം സഭ ഗൗരവപൂർവ്വം കാണണമെന്നാണ് ചെയറിന്റെ അഭ്യർത്ഥന. ഇത്തരം അനന്തമായ കാലതാമസം സർക്കാർ സംവിധാനങ്ങളോടുള്ള പൊതുജനങ്ങളുടെ വിശ്വാസത്തിന് അനുഗുണമാകില്ലെന്ന കാര്യവും ഇവിടെ പ്രത്യേകം പരാമർശിക്കപ്പെട്ട ചട്ടങ്ങളുൾപ്പെടെ ഇനിയും പുറപ്പെടുവിക്കേണ്ട എല്ലാ ചട്ടങ്ങളും സമയബന്ധിതമായി തയ്യാറാക്കി വിജ്ഞാപനം നടത്താനാവശ്യമായ സർക്കാർതല ക്രമീകരണം അടിയന്തരമായി

ഏർപ്പെടുത്തേണ്ടതാണെന്ന കാര്യവും ബന്ധപ്പെട്ടവരെ ചെയർ ഓർമ്മപ്പെടുത്തുന്നു.

**നിയമനിർമ്മാണ കാര്യം (തുടർച്ച)**

(2) 2023-ലെ കേരള പൊതുരേഖ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2023-ലെ കേരള പൊതുരേഖ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബില്ലിലെ ക്ലോസ് 9(2)-ൽ "ഈ ആക്ടിന്റെ 4-ാം വകുപ്പിലെയോ 8-ാം വകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും അഞ്ച് വർഷംവരെയാകാവുന്ന തടവ് ശിക്ഷയോ ഇരുപത്തയ്യായിരം രൂപവരെയുള്ള പിഴയോ രണ്ടുംകൂടിയോ ലഭിക്കുന്നതാണ്" എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ക്ലോസ് 21-ൽ " 1976 ഒക്ടോബർ 11-ാം തീയതി ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച

ഉത്തരവ് റദ്ദാക്കിയിരിക്കുന്നു. അങ്ങനെ റദ്ദാക്കിയാൽ തന്നെയും പ്രസ്തുത ഉത്തരവുപ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്" എന്നാണ് പറയുന്നത്. 1976-ലെ ഉത്തരവ് റദ്ദ് ചെയ്തശേഷവും പഴയ ഓർഡറിലുണ്ടായിരുന്നതെല്ലാം നിലവിലും ബാധകമാണെന്നാണ് പീനൽ പ്രൊവിഷനിൽ പറയുന്നത്. ഇത് ആർട്ടിക്കിൾ 20(1)-ന്റെ ലംഘനമാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രനിയമം നിലവിലുണ്ട്. സെലക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ കേന്ദ്രനിയമത്തിന് സമാനമായ രീതിയിൽ പീനൽ പ്രൊവിഷനിൽ മാറ്റം വരുത്തണം. ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സഞ്ചിതനിധിയിൽനിന്നും അധിക ചെലവുണ്ടാകുന്നതല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു. പക്ഷേ ബില്ലിലെ 11, 14(8) എന്നീ ക്ലോസുകളനുസരിച്ച് പണം ചെലവാകും. ധനകാര്യ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് എക്സ്പെൻസസും നോൺ റെക്കറിംഗ് എക്സ്പെൻസസും കൃത്യമായി സൂചിപ്പിക്കണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ

സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു അധികചെലവും ഉണ്ടാകുന്നതല്ലെന്ന് ചേർത്തിട്ടുണ്ട്. എന്നാൽ 13-ാം വകുപ്പിൽ പറയുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡ് രൂപീകരിക്കുമ്പോൾ 2(ജെ), 2(കെ), 2 (എൽ) ഉപവകുപ്പുകളിൽ പറയുന്ന അംഗങ്ങൾക്ക് 14(8) വകുപ്പിൽ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നത് സർക്കാരിന് അധികചെലവ് വരുന്നതാണ്. പൊതുരേഖകൾ ഏതൊക്കെയാണെന്ന് കേരള നിയമസഭയോ ഗവൺമെന്റോ ഇതുവരെ ഡിക്ലയർ ചെയ്തിട്ടില്ല.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഭരണഘടനയുടെ അനുച്ഛേദം 20(1) പ്രകാരം ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ യാതൊരാളിന്റെമേലും ഏതെങ്കിലും കുറ്റം സ്ഥാപിക്കുകയോ ആ കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് അയാളെ വിധേയനാക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബില്ലിന്റെ ഖണ്ഡം 1(2) പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മാത്രമേ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടാകുകയുള്ളൂ. അതിനാൽ ബിൽ

നിലവിൽ വരുന്നതിനുമുമ്പ് ചെയ്ത കാര്യങ്ങൾക്ക് ബില്ലിലെ പീനൽ പ്രൊവിഷൻ ബാധകമാകുന്നില്ല. ബില്ലിലെ 11-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം സ്വകാര്യ സ്രോതസ്സിൽനിന്നും നിലവിൽ രേഖകൾ പുരാരേഖാ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 1976 ഒക്ടോബർ 11-ാം തീയതിയിലെ ഉത്തരവുപ്രകാരം ഏതെങ്കിലും പബ്ലിക് ഓഫീസിന്റെയോ പൊതു സംഘടനയുടെയോ വക പൊതുരേഖകൾ, സ്വകാര്യ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ കൈവശമുള്ള ചരിത്രപ്രാധാന്യമുള്ള രേഖകൾ എന്നിവ പരസ്പരം അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കാൻ ആർക്കൈവ്സ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ആയതിന് സമാനമായ വ്യവസ്ഥയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ സഞ്ചിതനിധിയിൽനിന്നും ഈ വകയിൽ അധികചെലവുണ്ടാകുന്നതല്ല. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡിന് പകരമായി നിലവിൽ ഉപദേശക സമിതി പുരാരേഖാ വകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സമിതി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

അതുകൊണ്ടുതന്നെ ബോർഡിലെ അംഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് സഞ്ചിതനിധിയിൽനിന്നും അധിക ചെലവുണ്ടാകുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2023-ലെ കേരള പൊതുരേഖ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നും ബില്ലിന്റെ ഉള്ളടക്കത്തിൽ ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥകൾ കടന്നുകൂടിയിട്ടുണ്ടെന്നതുസംബന്ധിച്ചും ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ചുമാണ് തടസ്സവാദങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനാപരമായ കാര്യങ്ങളുൾപ്പെടെയുള്ളവ സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പുകളിലൂടെയും വിശദമായ പരിശോധനകളിലൂടെയും പരിഹരിക്കപ്പെടുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്. ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് ബില്ലിലെ വ്യവസ്ഥകൾമൂലം സർക്കാരിന് അധിക സാമ്പത്തിക ചെലവുകളുണ്ടാകുന്നതല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ചെയർ മുഖവിലയ്ക്കെടുക്കുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2023-ലെ കേരള പൊതുരേഖ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: 2023-ലെ കേരള പൊതുരേഖ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-08-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ/കമ്മീഷനുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പൊതുരേഖകൾ സംരക്ഷിക്കുന്നതിനുള്ള റിക്കാർഡ്സ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കുകയും അതിന്റെ ഭരണനിർവ്വഹണത്തിന് ഒരു സർക്കാർ അതോറിറ്റി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉപദേശം നൽകാൻ ആർക്കൈവൽ അഡ്വൈസറി ബോർഡ് കൊണ്ടുവരികയും രേഖകൾ നശിപ്പിക്കുന്നതിനും സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനും നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുകയാണ് ഈ ബില്ലിന്റെ ലക്ഷ്യം. നിലവിൽ പുരാരേഖകൾ മൂല്യനിർണ്ണയം

നടത്തുന്നതും പ്രിസർവ് ചെയ്യുന്നതും പുരാരേഖ വകുപ്പിന് കൈമാറുന്നതും ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരമാണ്. സബ് രജിസ്ട്രാർ ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും സർക്കാർ ഓഫീസുകളിലെ റിക്കാർഡ് റൂമുകൾ കാറ്റഗറി തിരിച്ച് ശാസ്ത്രീയ രീതിയിൽ പരിപാലിക്കാനും ആർക്കൈവ്സിലുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള രേഖകൾ സംരക്ഷിക്കാനും കേരള ചരിത്രവുമായി ബന്ധപ്പെട്ട രേഖകൾ വകുപ്പിന്റെ കീഴിലല്ലാതെയുള്ള മറ്റ് ആർക്കൈവ്സുകളിൽനിന്നും എത്തിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ജീവനക്കാരുടെയും ഫണ്ടിന്റെയും പശ്ചാത്തല സൗകര്യങ്ങളുടെയും കുറവ് പരിഹരിക്കണം. കാലപ്പഴക്കം, പ്രകൃതിദുരന്തം, രേഖകൾ ബോധപൂർവ്വം മാറ്റിവയ്ക്കൽ എന്നിവയിലൂടെ നഷ്ടപ്പെടുന്ന രേഖകൾ സംരക്ഷിക്കപ്പെടുന്നതിന് ഈ നിയമം ഗുണപ്രദമാണ്. എല്ലാ ഓഫീസുകളിലും രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. പൊതുസ്റ്റോറേജ് എന്ന നിലയിൽ cloud storage രൂപീകരിച്ച് രേഖകൾ സ്റ്റോർ ചെയ്യാനുള്ള സൗകര്യമുണ്ടാകണം. പൊതുരേഖകൾ നശിപ്പിക്കുന്നതിനും നീക്കം ചെയ്യുന്നതിനുംമുമ്പ് ഡിജിറ്റൽ ഡോക്യുമെന്റാക്കി 10 വർഷമെങ്കിലും സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ഉപഹാരമായി സ്വീകരിക്കുന്ന

ചരിത്രപരമായോ ദേശീയപരമായോ പ്രാധാന്യമുള്ള രേഖകളുടെ ആധികാരികത ഉറപ്പാക്കണം. രേഖകൾ അനധികൃതമായി നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ശിക്ഷ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. മൂന്നു മാസത്തിലൊരിക്കൽ ബോർഡ് യോഗം ചേരണമെന്ന ഭേദഗതി കൊണ്ടുവരണം. അന്താരാഷ്ട്രതലത്തിൽ പബ്ലിക്കേഷൻസുള്ളവരെയും അംഗീകൃത യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരെയും അഡ്വൈസറി ബോർഡിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ആർക്കൈവൽ സയൻസ് കോഴ്സുകൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം ഡയറക്ടർക്ക് നൽകിയിട്ടുള്ളത് സംബന്ധിച്ചും പരിശോധിക്കണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: 2023-ലെ കേരള പൊതുരേഖ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഭരണ നിർവ്വഹണം, രേഖകളുടെ ശാസ്ത്രീയ സംരക്ഷണം എന്നിവയാണ് ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യം. ബില്ലിലെ വകുപ്പ് 9(2)-ൽ ഈ ആക്ടിന്റെ 4, 8 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷയും പിഴയും സംബന്ധിച്ച്

നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പൊതുരേഖകൾ ഏതൊക്കെയാണെന്ന് കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അതുസംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: 2(ബി) ഭേദഗതിയെ പിന്താങ്ങുന്നു. പൊതുരേഖകൾ സംരക്ഷിക്കുന്നതിനായി റിക്കാർഡ്സ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുമ്പോൾ അതിനുവേണ്ടി ഒരു നിയമവും ബൈലായും കൊണ്ടുവരേണ്ടതുണ്ട്. പുരാരേഖകൾ സംരക്ഷിച്ചാൽ മാത്രമേ ഭാവി തലമുറയ്ക്ക് അവ പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. ചരിത്രരേഖകൾ സംരക്ഷിക്കുക എന്ന പുരാരേഖ വകുപ്പിന്റെ കർത്തവ്യം കൃത്യമായി നിർവ്വഹിക്കുന്നതിനായി വ്യക്തമായ കമ്മിറ്റി, അഡ്വൈസറി ബോർഡ് എന്നിവയുണ്ടാകണം. പുരാരേഖാ വകുപ്പിലെ ഡിജിറ്റലൈസേഷൻ പ്രവൃത്തികൾ വേഗത്തിലാക്കാനും രേഖകൾക്ക് സൂചികകൾ തയ്യാറാക്കാനും നടപടി സ്വീകരിക്കണം. ചരിത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും യഥാസമയം പുരാരേഖകൾ ലഭ്യമാക്കാൻ കഴിയണം. പുരാരേഖകളുടെ പരിപാലനവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ റിക്കാർഡ് റൂമുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കണം. പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നത് തടയാൻ ശിക്ഷാനടപടികൾ കർശനമാക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എച്ച്. സലാം: 1(എ) ഭേദഗതിയെ പിന്താങ്ങുന്നു. പൊതുരേഖകൾ കണ്ടെത്താനും സംരക്ഷിക്കാനും പരിപാലിക്കാനുമായി ബിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്. ശാസ്ത്ര-സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പുരാരേഖകൾ കണ്ടെത്തുകയും പരിപാലിക്കുകയും ഫലപ്രദമായ റിക്കാർഡ്സ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ചരിത്ര പ്രാധാന്യമുള്ള ശേഷിപ്പുകൾ, പുരാരേഖകൾ, പൊതുരേഖകൾ, അമൂല്യമായ താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേടുകൾ, പേപ്പർ രേഖകൾ ഉൾപ്പെടെയുള്ളവ സംരക്ഷിക്കുന്നതിനും നിയമപരമായ ബാധ്യത ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. മലപ്പുറം ചമ്രവട്ടശ്ശേരി മരനാട്ടു മനയിലെ രേഖകൾ, നിരണം പള്ളി രേഖകൾ, കണ്ണൂർ ഇംഗ്ലീഷ് പള്ളിയിലെ രേഖകൾ, കേശവദേവിന്റെ കൈയെഴുത്ത് രേഖകൾ, ഒ.എൻ.വി. കുറുപ്പിന്റെ ഡയറിക്കുറിപ്പുകൾ എന്നിവ സംരക്ഷിത രേഖകളായി ഏറ്റെടുത്തിട്ടുണ്ട്. പുരാരേഖ പ്രാധാന്യമുള്ള പൊതുരേഖകളുടെ സംഭരണം, വർഗ്ഗീകരണം, സംരക്ഷണം, ഭരണ നിർവ്വഹണം, നിയമലംഘനവുമായി ബന്ധപ്പെട്ട ശിക്ഷാ

നടപടികൾ എന്നിവ സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: 2023-ലെ കേരള പൊതുരേഖാ ബില്ലിന്റെ പരിഗണനയ്ക്കായി രൂപീകരിക്കാവുന്ന സെലക്ട് കമ്മിറ്റിയിലെ 15 അംഗങ്ങൾ അടങ്ങുന്ന ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2023-ലെ കേരള പൊതുരേഖ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## XI അവകാശലംഘന പ്രശ്നങ്ങൾ

### 1. <u>പ്രിവിലേജ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി റെഫർ ചെയ്തിട്ടുള്ളത്</u>

<u>മി. സ്പീക്കർ</u>: 2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിന്റെ വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡിവൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടപടി

സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ സമർപ്പിച്ച പരാതി പ്രിവിലേജ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റെഫർ ചെയ്യുന്നു.

2. ചെയറിന്റെ പരിഗണനയിലുള്ളവ

2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയ വിഷയത്തിൽ തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മാധ്യമങ്ങളോട് വസ്തുതാവിരുദ്ധമായ പ്രസ്താവന നടത്തിയതുസംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നൽകിയ നോട്ടീസ്, 03.07.2024-ന് രാത്രി ശ്രീകാര്യം പോലീസ് സ്റ്റേഷനുമുന്നിൽ നടന്ന പ്രതിഷേധ നടപടികളുമായി ബന്ധപ്പെട്ട് കേസ്സെടുത്തത് സംബന്ധിച്ച് ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

## XII ഉപക്ഷേപം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാക്കാൻ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുകയും ഓണാശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 3.44-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

*******